"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യു വകുപ്പ്- .കണ്ണൂർ ജില്ലയിൽ എരമം വില്ലേജിൽ റീ സർവ്വെ 70/1A3 ൽ പ്പെട്ട ഒരേക്കർ മിച്ചഭൂമിയുടെ അകാലകൈമാറ്റം നിഷ്കർഷിച്ചിട്ടുള്ള കാലാവധിക്കു മുമ്പ് കൈമാറ്റം ചെയ്ത നടപടി കേരള ഭൂപരിഷ്കരണ സീലിംഗ് ചട്ടങ്ങളിലെ, ചട്ടം 29(1)ലെ വ്യവസ്ഥ പ്രകാരം സർക്കാരിന്റെ പ്രത്യേക വിവേചനാധികാരം വിനിയോഗിച്ച് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**റവന്യൂ (എൻ) വകുപ്പ്**

G.O.(Rt)No.1443/2024/RD തീയതി,തിരുവനന്തപുരം, 24-06-2024

---

പരാമർശം:-

1. ശ്രീമതി. തങ്കമണിയുടെ 08/02/2023 ലെ അപേക്ഷ.
2. കണ്ണൂർ ജില്ലാകളക്ടറുടെ 06/11/2023 ലെ DCKNR/8636/2023-B8 നമ്പർ കത്ത്.
3. ലാന്റ് ബോർഡ് സെക്രട്ടറിയുടെ 07/03/2024 ലെ LBB3-453/2023 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ എരമം വില്ലേജിൽ റീ സർവ്വെ 70/1A3 ൽ പ്പെട്ട ഒരേക്കർ മിച്ചഭൂമിയുടെ അകാല കൈമാറ്റം സാധൂകരിച്ച് നൽകുന്നതിന് ശ്രീമതി.പി.കെ തങ്കമണി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു

2. പ്രസ്തുത ഭൂമി കണ്ണൂർ ജില്ലാ കളക്ടറുടെ 09/07/1973-ലെ 7417/72 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.മേലേടത്ത് കേളൻ എന്നവർക്ക് പതിച്ചു നൽകിയതാണ്. മിച്ചഭൂമിയുടെ കൈമാറ്റ കാലാവധി തീരുന്നതിനുമുമ്പ് 17/06/1982 ൽ അപേക്ഷകയായ തങ്കമണിക്ക് ടി ഭൂമി കൈമാറിയെന്നും പ്രസ്തുത ഭൂമി 40 വർഷത്തിലധികമായി അപേക്ഷക കൈവശം വച്ചനുഭവിച്ചു വരുന്നുണ്ടെന്നും, അപേക്ഷക വിലകൊടുത്ത് വാങ്ങിയ ഭൂമി കൃത്യമായി അതിർത്തി കെട്ടി സംരക്ഷിച്ചുവരുന്നതായും, ടി ഭൂമിക്ക് ഇതുവരെയുള്ള ഭൂനികുതി ഒടുക്കിയിട്ടുണ്ടെന്നും, ടി ഭൂമി സംബന്ധിച്ച് അതിർത്തി തർക്കങ്ങളോ, കോടതി വ്യവഹാരങ്ങളോ നിലവിലില്ലെന്നും, പട്ടയം ധനകാര്യ സ്ഥാപനങ്ങളിലൊന്നും തന്നെ പണയം വച്ചിട്ടില്ലെന്നും പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. അകാല കൈമാറ്റത്തിലൂടെ വാങ്ങിയ ഭൂമി അപേക്ഷക കഴിഞ്ഞ 42 വർഷമായി കൈവശം വച്ച്, ഭൂനികുതി ഒടുക്കി സംരക്ഷിച്ചു വരുന്നതിനാൽ അപേക്ഷക അകാല കൈമാറ്റ സാധൂകരണത്തിന് അർഹയാണെന്ന് സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറി പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ എരമം വില്ലേജിൽ റീ സർവ്വെ 70/1 A3 ൽ പ്പെട്ട ഒരേക്കർ മിച്ചഭൂമിയുടെ അകാലകൈമാറ്റം 1970-ലെ കേരള ഭൂപരിഷ്കരണ (ഭൂപരിധി) ചട്ടങ്ങളിലെ, ചട്ടം 29(1) -ലെ വ്യവസ്ഥ പ്രകാരം സർക്കാരിന്റെ വിവേചനാധികാരം വിനിയോഗിച്ച് സാധൂകരിച്ച്

ഉത്തരവാകുന്നു.

5. ഇതു സംബന്ധിച്ച നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കണ്ണൂർ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEDEVI I B
DEPUTY SECRETARY

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
സെക്രട്ടറി, സ്റ്റേറ്റ് ലാൻഡ് ബോർഡ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ. (അനന്തര നടപടികൾക്കും ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകുന്നതിനുമായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhuja K R
Date: 24-06-2024 11:33:08
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
ഡെപ്യൂട്ടി സെക്രട്ടറി ,റവന്യു (എൻ) വകുപ്പ്.